# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3531** **12.05.2017-ൽ മറുപടിയ്ക്ക്**

## ഭൂതത്താൻകെട്ട് റിസർവോയറിൽ മത്സ്യകൃഷി

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കോതമംഗലം മണ്ഡലത്തിൽ ഭൂതത്താൻകെട്ട് റിസർവോയറുമായി ബന്ധപ്പെട്ട് മത്സ്യം വളർത്തുന്നതിനും പിടിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; | എ) സംസ്ഥാനത്തെ റിസർവോയറുകളിൽ മത്സ്യവിഭവ സംരക്ഷണം സാധ്യമാക്കുന്നതിനും മത്സ്യവിത്തുല്പാദനം വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ മത്സ്യമേഖലയുടെ വികസനത്തിനായി ഫിഷറീസ് വകുപ്പ് ഫിഷറീസ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) മുഖേന എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ടിൽ മൾട്ടിസ്പീഷീസ് ഇക്കോ ഹാച്ചറി സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഭൂതത്താൻകെട്ടിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. 10 ദശലക്ഷം ഉൽപാദന ശേഷിയുള്ള ഒരു മത്സ്യവിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതി ആർ.കെ.വി.വൈ ജില്ലാ പഞ്ചായത്ത്, സംസ്ഥാന സർക്കാർ എന്നിവയുടെ ധനസഹായത്തോടെയാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിയ്ക്ക് 250 ലക്ഷം രൂപയുടെ ആർ.കെ.വി.വൈ വിഹിതവും 155 ലക്ഷം രൂപയുടെ സംസ്ഥാന സർക്കാർ വിഹിതവും 200 ലക്ഷം രൂപ എറണാകുളം ജില്ലാ പഞ്ചായത്ത് വിഹിതവുമാണ്. ഇതിന്റെ ആദ്യഘട്ടം 28.12.2016-ൽ കമ്മീഷൻ ചെയ്ത് മത്സ്യോല്പാദനം നടത്തി വരുന്നു. ജലകൃഷി വികസന ഏജൻസി, കേരള (അഡാക്ക്) മുഖേന ഭൂതത്താൻകെട്ട് റിസർവോയറിൽ മത്സ്യകുഞ്ഞുങ്ങളെ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. |
| ബി) ഇല്ലെങ്കിൽ ഭൂതത്താൻകെട്ട് റിസർവോയറുമായി ബന്ധപ്പെട്ട് മത്സ്യം വളർത്തുന്നതിനും പിടിക്കുന്നതിനും വേണ്ട പദ്ധതിക്ക് രൂപം കൊടുക്കുമോ; വിശദീകരിക്കാമോ? | ബി) ഭൂതത്താൻകെട്ട് റിസർവോയറിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനായിട്ടാണ്, അഡാക്ക് "reservoir stocking" പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകുഞ്ഞുങ്ങളെ സ്റ്റോക്ക് ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ആഫീസർ**